## കേരള സർവകലാശാല

നം. പി.ആർ.043/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക്. പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ഫെബ്രുവരി 27-ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയ്ക്കും മാർച്ച് ഒന്നിന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയ്ക്കും ഓയൂർ ട്രാവൻകൂർ എഞ്ചിനീയറിംഗ് കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം വടക്കേവിള യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിൽ പരീക്ഷയെഴുതണം. ഹാൾടിക്കറ്റ് വടക്കേവിള യൂനുസ് കോളേജിൽ നിന്നും തിരിച്ചറിയൽ രേഖയുമായി വന്ന് കൈപ്പറ്റണം.

*(കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### പ്രോജക്ട് ഫെലോ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം സുവോളജി പഠനവകുപ്പിൽ പ്രോജക്ട് ഫെലോ ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 10. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### ഗ്ലോബൽ ഇനിഷ്യേറ്റീവ് അക്കാഡമിക് നെറ്റ്വർക്സ്

കേരള സർവകലാശാല കാര്യവട്ടം സുവോളജി പഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എം.എച്ച്.ആർ.ഡി-യുടെ കോഴ്സ് ഫെബ്രുവരി 27 മുതൽ മാർച്ച് നാല് വരെ കാര്യവട്ടം എസ്.ഐ.സി.സി-യിൽ വച്ച് നടത്തും. ഫെബ്രുവരി 27 രാവിലെ 10 മണിയ്ക്ക് പ്രൊ-വൈസ് ചാൻസിലർ ഡോ. എൻ. വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റംഗങ്ങളായ ഡോ. പി. രാജേഷ് കുമാർ, ശ്രീ. കെ.എസ്. ഗോപകുമാർ എന്നിവർ പങ്കെടുക്കും.

### മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ ഹിന്ദി പ്രീവിയസ്, ഫൈനൽ (റഗുലർ/ റീ അപിയറൻസ്) പരീക്ഷകളുടെ മാർക്ക്ലിസ്റ്റുകൾ ഫെബ്രുവരി 27, മാർച്ച് ഒന്ന്, രണ്ട് തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റും ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം വന്ന് കൈപ്പറ്റണം

### എം.എ റഷ്യൻ ടൈംടേബിൾ

കേരള സർവകലാശാല മാർച്ച് 15-ന് ആരംഭിക്കുന്ന ഫൈനൽ എം.എ റഷ്യൻ (പാർട്ട് ടൈം), മാർച്ച് 27-ന് ആരംഭിക്കുന്ന പ്രീവിയസ് എം.എ റഷ്യൻ (പാർട്ട് ടൈം - സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എച്ച്.എം പ്രാക്ടിക്കൽ

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി(2006, 2011 & 2014 സ്കീം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 28 മുതൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല കരിയർ റിലേറ്റഡ് അഞ്ചാം സെമസ്റ്റർ ബി.കോം കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ (138 (2ബി)) പ്രാക്ടിക്കൽ പരീക്ഷ മാർച്ച് എട്ട്, ഒമ്പത്, 10 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും.

## ബി.കോം. സൂക്ഷ്മപരിശോധന

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബികോം പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചവർ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുമായി ഫെബ്രുവരി 27 മുതൽ മാർച്ച് ഒമ്പത് വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണി മുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ ഇ.ജെ-2 സെക്ഷനിൽ എത്തിച്ചേരണം.

തിരുവനന്തപുരം.
25.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098